തേനിലും മധുരം വേദമല്ലാതിന്നേതുണ്ടു ചൊൽ തോഴാ
നീ-സശ്രദ്ധമിതിലെ സത്യങ്ങൾ വായിച്ചു ധ്യാനിക്കുകെൻ തൊഴാ!

1 മഞ്ഞുപോൽ ലോകമഹികൾ മുഴുവൻ മാഞ്ഞിടുമെൻ തോഴാ
ദിവ്യ-രഞ്ജിത വചനം ഭഞ്ജിതമാകാ ഫലം പൊഴിക്കും തോഴാ-

2 പൊന്നും വസ്ത്രങ്ങളും മിന്നും രത്നങ്ങളുമിതിന്നു സമമോ തോഴാ?
എന്നും-പുതുബലമരുളും അതിശോഭ കലരും ഗതിതരുമന്യൂനം-

3 തേനൊടു തേൻ കൂടതിലെ നൽതെളിതേനിതിന്നു സമമോ തൊഴാ?
ദിവ്യ-തിരുവചനം നിൻദുരിതമകറ്റാൻ വഴിപറയും തോഴാ-

4 ജീവനുണ്ടാക്കും ജഗതിയിൽ ജനങ്ങൾക്കതിശുഭമരുളിടും
നിത്യ-ജീവാത്മസൗഖ്യം ദേവാത്മാവരുളും വഴിയിതു താൻ നൂനം-

5 കാനനമതിൽവച്ചാനന്ദരൂപൻ വീണവനോടെതിർക്കേ ഇതിൻ-
ജ്ഞാനത്തിൻ മൂർച്ച സ്ഥാനത്താലവനെ ക്ഷീണിപ്പിച്ചെന്നോർക്ക-

6 പാർത്തലമിതിലെ ഭാഗ്യങ്ങളഖിലം പരിണമിച്ചൊഴിഞ്ഞിടിലും
നിത്യ-പരമേശവചനം പാപിക്കു ശരണം പരിചയിച്ചാൽ നൂനം-

K.V.S